**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1987** **29-09-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ആന്റണി രാജു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യമേഖലയുടെ ആഭ്യന്തര ഉല്പാദന വളർച്ചാതോത് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്താമോ; | (എ) | സംസ്ഥാനത്ത് മത്സ്യമേഖലയുടെ ആഭ്യന്തര ഉല്പാദന വളർച്ചാതോത് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1.**തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി**<br><br>സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികളികൾക്ക് കൂടുതൽ മത്സ്യം ലഭിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി. കടലിന്റെ അടിത്തട്ടിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിച്ച് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി മത്സ്യഗ്രാമങ്ങളിലെ തീരക്കടലിൽ നിലവിലുള്ള പ്രകൃതിദത്ത പാരുകൾക്ക് സമീപം ത്രികോണാകൃതിയിലുള്ള സിമന്റ് കോൺക്രീറ്റ് മൊഡ്യൂളുകൾ ജി. പി.എസ് സഹായത്തോടെ സ്ഥാനനിർണ്ണയം നടത്തി നിക്ഷേപിക്കുന്ന പദ്ധതിയാണിത്. ഈ പാരുകളിൽ സസ്യപ്ലവകങ്ങളും ജന്തു പ്ലവകങ്ങളും രൂപപ്പെടുമ്പോൾ അതു ഭക്ഷിക്കുന്നതിനായി ചെറുതും വലുതുമായ മത്സ്യങ്ങൾ അവിടേക്ക് ആകർഷിക്കപ്പെടുകയും ഈ ആവാസ വ്യവസ്ഥ മത്സ്യ പ്രജനനത്തിനും അവയുടെ സുസ്ഥിരമായ നിലനിൽപ്പിനും അനുകൂല സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു.<br>2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി ആകെ 4090 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചുകഴിഞ്ഞു. തുടർന്ന് 2023-24 സാമ്പത്തിക വർഷം "കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും" എന്ന പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ |

ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം നൽകിയിരുന്നു. തിരുവനന്തപുരം ജില്ലയിലെ 42 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ ആകെ 6300 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു.

"കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള തീരത്ത് സുസ്ഥിര മത്സ്യബന്ധനവും ഉപജീവന മാർഗ്ഗങ്ങളുടെയും വർധിപ്പിക്കൽ രണ്ടാം ഘട്ടം" എന്ന PMMSY പദ്ധതി കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 29.76 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവുമാണ്. കൂടാതെ പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം മലപ്പുറം, കോഴിക്കോട് കണ്ണൂർ, കാസർകോഡ് ജില്ലകളിലെ 96 മത്സ്യഗ്രാമങ്ങളിലായി നടപ്പാക്കുന്നതിന് 25.8285 കോടി രൂപയുടെ പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

2. **കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ** കേരള തീരക്കടലിൽ സുസ്ഥിര മത്സ്യബന്ധനവും മെച്ചപ്പെട്ട ജീവനോപാധിയും പ്രോത്സാഹിപ്പിക്കുന്നതിനായി 9 മറൈൻ ജില്ലകളിലെയും തീരക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഉദ്ദേശിക്കുന്നു. ആയതിലേയ്ക്ക് ആദ്യ ഘട്ടമായി തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ 42 ലൊക്കേഷനുകളിലായി 6300 എണ്ണം കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ യഥാക്രമം 60 : 40 അനുപാതത്തിൽ ആകെ 13.02 കോടി രൂപയുടെ ഭരണാനുമതിയും ഫണ്ടും ലഭ്യമാകുകയും അതനുസരിച്ച് 6300 കൃത്രിമപ്പാരുകൾ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് പ്രസ്തുത പാരുകളിൽ കൂടുതൽ മത്സ്യലഭ്യത ഉറപ്പാക്കുന്നതിനും ജില്ലയിലെ പരമ്പരാഗത മത്സ്യതൊഴിലാളികൾക്ക് വർദ്ധിച്ച തോതിൽ മത്സ്യം ലഭിക്കുന്നതിനും, അനുയോജ്യമായ മത്സ്യ വിത്ത് നിക്ഷേപം നടത്തുന്നതിന് നിശ്ചിത അകലങ്ങളിൽ ഉള്ള 10 കൃത്രിമ പാര് സൈറ്റുകളിൽ പൊമ്പാനോ, കോബിയ തുടങ്ങിയ മത്സ്യ വിത്തുകൾ ഒരു പാരിൽ ഒരു ലക്ഷം എന്ന ക്രമത്തിൽ ആകെ 10 ലക്ഷം മത്സ്യ വിത്തുകൾ നിക്ഷേപിക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡ് (NFDB) മുഖാന്തരം മൂന്ന്

കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയുണ്ടായി. പദ്ധതി പ്രകാരം 8 ഗ്രാം മുതൽ 10 ഗ്രാം വരെ വളർച്ചയെത്തിയ മത്സ്യകഞ്ഞുങ്ങളെയാണ് നിക്ഷേപിക്കുന്നത്. പ്രസ്തുത "കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ" പദ്ധതിയുടെ ഉദ്ഘാടനം 13/11/2024 ന് വിഴിഞ്ഞം നോർത്ത് ഹാർബറിൽ വെച്ച് ബഹു. കേന്ദ്ര ഫിഷറീസ് വകുപ്പ് സഹമന്ത്രിയുമായി ചേർന്ന് നിർവഹിച്ചു. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി അഡാക്കിന്റെ കീഴിലുള്ള ആയിരംതെങ്ങു ഫാമിൽ പൊമ്പാനോ മത്സ്യവിത്തു പരിപാലനം നടപ്പാക്കി പദ്ധതി തുടർന്ന് വരുന്നു. ഇതുവരെ ആകെ 1,97,880 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചു കഴിഞ്ഞു.

**3. <u>ഓപ്പൺ സീ കേജ് ഫാമിംഗ്</u>**

സംസ്ഥാന ബജറ്റ് 2023-ൽ നടത്തിയ ഫിഷറീസ് മേഖലയെക്കുറിച്ചുള്ള പ്രഖ്യാപനങ്ങളിലൊന്നാണ് "മാരികൾച്ചർ വികസനം". ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നോർവേ സന്ദർശനത്തിനും അവിടെ 'മാരികൾച്ചർ' വിജയകരമായി നടപ്പാക്കാൻ കഴിയുമെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലും പരീക്ഷണാടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു.

കേരള തീരത്ത് "ഓപ്പൺ സീ കേജ് ഫാമിംഗ്" എന്ന പദ്ധതിയുടെ സാധ്യതാപഠനം, കൂട് രൂപകൽപന, സ്ഥാപിക്കൽ, പദ്ധതി തയ്യാറാക്കൽ, പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർ സാങ്കേതിക പിന്തുണ എന്നിവയ്ക്കായി ഫിഷറീസ് ഡയറക്ടറുടെ അധ്യക്ഷതയിൽ NIOT, CIBA, RCGA എന്നിവിടങ്ങളിൽ നിന്നുള്ള സാങ്കേതിക വിദഗ്ധർ, ഡോ. അശോകൻ, സയന്റിസ്റ്റ് (റിട്ട.), സി.എം.എഫ്.ആർ.ഐ., ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, മത്സ്യഫെഡ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 13/07/2023 തീയതിയിലെ സ.ഉ.(സാധാ) 573/2023/F&P നമ്പർ ഉത്തരവ് പ്രകാരം ഒരു സാങ്കേതിക സമിതി രൂപീകരിച്ചു.

09/08/2023 ന് നടന്ന ആദ്യ സാങ്കേതിക സമിതി യോഗം കേരള തീരത്ത് മാരികൾച്ചറിന് അനുയോജ്യമായ സൈറ്റ് തിരഞ്ഞെടുക്കൽ, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ, ഡിപിആർ തയ്യാറാക്കൽ ആരൊക്കെ ഏറ്റെടുക്കും എന്നതിനെക്കുറിച്ചുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

കേരള തീരത്ത് ഓപ്പൺ സീ മാരികൾച്ചറിന് അനുയോജ്യമായ സൈറ്റ് കോഴിക്കോട് ജില്ലയിലാണെന്ന് സാങ്കേതിക സമിതി കണ്ടെത്തിയതിനെ തുടർന്ന് NIOT, CMFRI എന്നീ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ 14/09/2023, 15/09/2023 തിയ്യതികളിൽ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, ചോമ്പാല ഹാർബറുകളിൽ നിന്നും 7കിലോ മീറ്റർ ദൂരം കടലിൽ സഞ്ചരിച്ച് പരിശോധന നടത്തുകയും സൈറ്റുകളുടെ അനുയോജ്യതയെക്കുറിച്ചുള്ള വിശദമായ പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി കോഴിക്കോട് ഫിഷറീസ് ജോയിന്റ് ഡയറക്ടറെ ഓപ്പൺ സീകേജ് ഫാമിംഗ് പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഓഫീസർ ആയി സാങ്കേതിക സമിതി തെരഞ്ഞെടുത്തു.

പ്രസ്തുത പ്രദേശത്തെ തെരഞ്ഞെടുക്കപ്പെട്ട സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി (NIOT) മണ്ഡപം സെന്ററിൽ വച്ച് സീകേജ് ഫാമിംഗ് സംബന്ധിച്ച് വിവിധ വിഷയങ്ങളിൽ ട്രെയിനിംഗ് നൽകുന്നതിനു 2023 നവംബർ 4, 5, 6 തീയതികളിൽ മണ്ഡപം രാമനാഥപുരം സന്ദർശനം നടത്തി കൃഷി രീതികൾ നേരിട്ട് പരിചയപ്പെടുന്നതിന് അവസരം ഒരുക്കി. തുടർന്ന് NIOT സമർപ്പിച്ച 'പൈലറ്റ് സ്കെയിൽ ഡെമോൺസ്ട്രേഷൻ ഓഫ് ഓപ്പൺ സീ കേജ് കൾച്ചർ ഓഫ് ഫിൻ ഫിഷ് ഇൻ കേരള കോസ്റ്റ്' എന്ന വിശദമായ പദ്ധതി പ്രൊപോസൽ വർക്കിംഗ് ഗ്രൂപ്പിന് മുമ്പിലും എസ്ഡിജി 2024-25 ന്റെ ആദ്യ ബാച്ചിലും വയ്ക്കുന്നതിനും പുതിയ സേവന നടപടിക്രമം നിരീക്ഷിക്കുന്നതിനും പദ്ധതിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയും, തുടർന്ന് പ്രസ്തുത പദ്ധതി PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി 2,40,41,672/- രൂപയുടെ പദ്ധതി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 1,44,25,003/- രൂപ (60%) കേന്ദ്ര വിഹിതമായും ബാക്കി 96,16,669/- രൂപ (40%) സംസ്ഥാന വിഹിതമായും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയിലെ ആഭ്യന്തര ഉൽപ്പാദന വർദ്ധനവ് മത്സ്യകൃഷിയിലൂടെയും മത്സ്യക്കുഞ്ഞു നിക്ഷേപത്തിലൂടെയും മത്സ്യവിഭവങ്ങളുടെ സംരക്ഷണ പരിപാലനത്തിലൂടെയും സാധ്യമാക്കുന്നതിനായി

| | | | |
|---|---|---|---|
| | | | വിവിധ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി, ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം, ജലവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും, കേരള റിസർവോയർ ഫിഷറീസ് വികസന പദ്ധതി തുടങ്ങി വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ മത്സ്യകൃഷി പദ്ധതികളും നടപ്പിലാക്കുന്നു. പദ്ധതിക്കാവശ്യമായ ഗുണമേന്മയുള്ള മത്സ്യവിത്തുകൾ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഹാച്ചറികളിലൂടെയും പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉത്പാദന യൂണിറ്റുകളിലൂടെയും ലഭ്യമാക്കുന്നു. മത്സ്യകൃഷി രീതികളിലും മത്സ്യ ഇനങ്ങളിലുമുള്ള വൈവിദ്ധ്യവൽക്കരണം സാധ്യമാക്കി ഉൾനാടൻ മേഖലയിലെ മത്സ്യോൽപ്പാദനം 2020-21 വർഷത്തിൽ 2.24 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2024-25 വർഷത്തിൽ 2.80 മെട്രിക് ടൺ ആയി വർധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ; | (ബി) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br><u>1) സമ്പാദ്യ സമാശ്വാസ പദ്ധതി</u><br><br>പഞ്ഞമാസങ്ങളിൽ ധനസഹായം നൽകുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 1500/-രൂപ 6 മാസങ്ങളിലായി ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുകയും കേന്ദ്ര,സംസ്ഥാന ഗവൺമെന്റുകളുടെ തുല്യ അനുപാതത്തിലുള്ള ധനസഹായം കൂടി ഉൾപ്പെടുത്തി കടലോര മത്സ്യത്തൊഴിലാളികൾക്ക് മെയ്, ജൂൺ, ജൂലൈ മാസങ്ങളിലും, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ധനസഹായമായി 4500/- രൂപ അനുവദിക്കുന്നു. നടപ്പ് വർഷം പദ്ധതിയിൽ അംഗങ്ങൾ ആയ 149755 ഗുണഭോക്താക്കൾക്ക് യഥാസമയം ഗുണഭോക്തൃ വിഹിതം വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന വിഹിതവും കേന്ദ്ര വിഹിതവും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ധാരാളം പദ്ധതികൾ |

നടപ്പിലാക്കി വരുന്നു. സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/അനുബന്ധ തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ.ഫിഷറീസ്-തൊഴിൽവകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധത്തൊഴിലാളികൾക്കും പ്രതിവർഷം 1,350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

<u>2) വിദ്യാതീരം പദ്ധതി</u>

സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി അവരുടെ വിദ്യഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽ ഒന്നാണ് വിദ്യാതീരം പദ്ധതി . പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി/ പട്ടികവർഗ വികസന വകുപ്പ് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം കേരളത്തിലെ അർഹരായ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു വരുന്നു. നടപ്പ് സാമ്പത്തിക വർഷം വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിനായി 2405-00-103-80(പ്ലാൻ) ശീർഷകത്തിൽ 9.69 കോടി രൂപയും, 2405-00-121-97-00-N-V(നോൺപ്ലാൻ) ശീർഷകത്തിൽ 27.75 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനായി ജില്ലാ ഓഫീസുകൾക്കും ഫിഷറീസ് ജോയിന്റ് ഡയറക്ടർ (ട്രെയിനിംഗ്) ഓഫീസിനും അനുവദിച്ചു നൽകിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക നിലവാരം ഉയർത്തുന്നതിനായി നിശ്ചിത യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ഐ.ഐ.ടി/ എൻ.ഐ.ടി എൻട്രൻസ് പരിശീലന പരിപാടികൾ, സിവിൽ സർവീസ് പരിശീലനം എന്നിവ സൗജന്യമായി നൽകുന്നു.

<u>3) മത്സ്യഫെഡ് വഴിയുള്ള വായ്പാ പദ്ധതി</u>

മത്സ്യത്തൊഴിലാളി സമൂഹത്തിലുള്ളവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി (ഐ.എഫ്.ഡി.പി) പ്രകാരവും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ

| | | | |
|---|---|---|---|
| | | | വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നിവയുടെ ധനസഹായത്തോടെയും മത്സ്യത്തൊഴിലാളികൾക്ക് തുടർച്ചയായി മത്സ്യബന്ധനോപകരണ വായ്പ നൽകി വരുന്നുണ്ട്.മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ടേം വായ്പകളും മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.എം.ഡി.എഫ്.സി യുടെയും എൻ.ബി.സി.എഫ്.ഡി.സി യുടെയും ധനസഹായത്തോടെ മൈക്രോ ഫിനാൻസ് വായ്പകളും വിതരണം ചെയ്ത് വരുന്നു. പലിശ രഹിത വായ്പാ പദ്ധതി വഴി മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന വനിതകൾക്ക് വിവിധ ഘട്ടങ്ങളിലായി പലിശ രഹിതവായ്പ വിതരണം ചെയ്ത് വരുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.<br><br><u>4) സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൺ) വഴിയുള്ള പദ്ധതികൾ</u><br><br>മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ, പലിശ രഹിത ചാക്രിക മൂലധന സഹായം, Solidarity funds to struggling units, യൂണിറ്റുകളെ ബിസിനസ് ഗ്രൂപ്പുകളാക്കി ഉയർത്തൽ, Community wellness interventions, സാങ്കേതികവിദ്യാ നവീകരണ പദ്ധതി, ബ്രാന്റിംഗ് & മാർക്കറ്റിംഗ് , LJG project for ensuring Livelihood Security of fisherwomen in Kerala, കേരള ബാങ്ക് മുഖേന ദീർഘകാല വായ്പ പദ്ധതി, സ്നേഹതീരം പദ്ധതി, Model peeling unit, Gender equality & women empowerment policy - Digital Media & Marketing, Online Marketing & Sale, തീരമൈത്രി സീ ഫുഡ് റസ്റ്ററന്റ്, Strengthening of category Federation എന്നീ പദ്ധതികൾ സാഫ് (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമൺ) എന്ന ഏജൻസി മുഖേന നടത്തി വരുന്നു. |
| (സി) | ആഴക്കടൽ മത്സ്യബന്ധനത്തിന് മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് നടപടി | (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടം ഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത ആഴക്കടൽ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | | മത്സ്യബന്ധന രീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ വിതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 15 കോടി രൂപയുടെ പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം ഒരു യൂണിറ്റ് ആഴക്കടൽ മത്സ്യബന്ധന ബോട്ടിന് 1.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം (40 %) രൂപയാണ് (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ - സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). എന്നാൽ കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഒരു ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ വില 1.50 കോടി രൂപയാണ്. ഇതിൽ സബ്സിഡി 48 ലക്ഷം രൂപ കഴിച്ച് ബാക്കിയുള്ള 1.02 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70 % (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപറേഷനിൽ നിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും സർക്കാർ തലത്തിൽ ഉത്തരവായിട്ടുണ്ട്. അധിക ഗ്രാന്റായി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾക്ക് ആകെ 306 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ചിട്ടുണ്ട്.<br><br>ടി പദ്ധതിയിൽ അംഗങ്ങൾ ആയ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് നാഷണൽ കോപ്പറേറ്റീവ് ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ (NCDC) സാമ്പത്തിക സഹായത്തോടെ സെന്റ്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ (CIFT) നേതൃതത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നു ദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ ആൻഡ് മാനേജ്മെന്റിൽ (NIFAM) വച്ച് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ PMMSY (2023-24) പദ്ധതിയിൽ ഉൾപ്പെടുത്തി 1.20 കോടി രൂപ യൂണിറ്റ് വിലയുള്ള 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ മത്സ്യത്തൊഴിലാളികൾക്ക് / മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന 12 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് യൂണിറ്റ് തുകയുടെ 40% മായ 48 ലക്ഷം രൂപയാണ് (കേന്ദ്ര വിഹിതം 28.8 ലക്ഷം രൂപ - സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ) ബാക്കി 72 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്തിട്ടുള്ള യാന നിർമ്മാണ ശാലകളിൽ സ്വന്തം നിലക്ക് യാനങ്ങൾ നിർമ്മിക്കാവുന്നതാണ്. ആയതിലേക്ക് PMMSY മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ യാന നിർമ്മാണ ശാലകളിൽ നിന്നും Expression of Interest ക്ഷണിക്കുകയും അപ്രകാരം യോഗ്യതയുള്ള രണ്ടു യാന നിർമ്മാണശാലകൾ ഫിഷറീസ് വകുപ്പിന്റെ കീഴിൽ എംപാനൽ ചെയ്ത് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. PMMSY പദ്ധതി പ്രകാരം ജില്ലകളിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പാക്കുന്നതിനു തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നതിന് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള തീരത്ത് മത്സ്യബന്ധനം നടത്തരുത് എന്ന് ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ദീർഘകാല കാലാവസ്ഥാ മുന്നറിയിപ്പുകളുടെ സാഹചര്യത്തിലും മത്സ്യബന്ധന നിരോധന സമയത്തും തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ സൗജന്യ റേഷൻ ഉൾപ്പെടെ സാധ്യമായ എല്ലാ സഹായങ്ങളും നൽകുന്നുണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് 19 എന്നിവയുടെ ദുരിതാശ്വാസ സഹായമായി 36.126 (SDRF, CMDRF) കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021 ലെ കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22 ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021- ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. |

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് 30/07/2020 ലെ സ.ഉ (സാധാ) നം. 210/2020/ ഭ.പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021 മെയ് മാസം മുതൽ 2022 ജനുവരി മാസം വരെ 1,34,863 സൗജന്യ ഭക്ഷ്യ കിറ്റുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്തിട്ടുണ്ട്. 2022 എപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പ് മൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് 1,66,756 സമുദ്ര- അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 20/01/2023 ലെ സ.ഉ (സാധാ)നം.64/2023/മ.തു.വ നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം റവന്യൂ വകുപ്പ് (സ.ഉ. (സാധാ)നം476/2023/റ.വ. തീയതി 29/01/2023) ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ റ്റി.എസ്.ബി അക്കൗണ്ടിലേക്ക് 50.027 കോടി രൂപ അനുവദിച്ചു നൽകിയിരുന്നു. ടി തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർ മുഖാന്തിരം അർഹരായ ഗുണഭോക്താക്കൾക്ക് അനുവദിച്ച് നൽകുകയുണ്ടായി.

അതുപോലെ ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകുന്നുണ്ട്. കൂടാതെ ട്രോൾ ബാൻ കാലത്ത് തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും 4,500/- രൂപ ധനസഹായം നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിൽ 1500/- രൂപ കേന്ദ്ര സർക്കാർ വിഹിതവും, 1500/- രൂപ സംസ്ഥാന സർക്കാർ വിഹിതവും, 1500/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. കൂടാതെ സംസ്ഥാന സർക്കാർ കേരളത്തിലെ മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളികൾക്കായി നടപ്പിലാക്കുന്ന സാമ്പത്തിക സഹായ പദ്ധതിയാണ് തണൽ പദ്ധതി. ഫിഷറീസ് - തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം FIMS ൽ എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധതൊഴിലാളി കൾക്കും 1,350/- രൂപ നിരക്കിൽ പ്രതിവർഷം പഞ്ഞമാസക്കാലത്ത് ധനസഹായം നൽകിവരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | 24-05-2025 ന് എം. എസ്. സി. എൽസ 3 എന്ന ചരക്ക് കപ്പൽ അപകടത്തിൽപ്പെട്ടതിനെ തുടർ ന്ന് കപ്പൽ അപകടമേഖലയുടെ 20 നോട്ടിക്കൽ മൈൽ പരിധിയിൽ മത്സ്യബന്ധനം നിരോധിച്ചതുമൂലം എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടത് കണക്കിലെടുത്ത്, 03-06-2025 ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ തീരദേശ ജില്ലകളിലെ 105518 സമുദ്ര മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 1,000/- രൂപ വീതം നൽകുന്നതിന് 10,55,18,000/- രൂപ ഫിഷറീസ് ഡയറക്ടറുടെ സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേയ്ക്ക് അനുവദിച്ച് നൽകുകയും ആയത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ടി ജില്ലകളിലെ മത്സ്യത്തൊഴിലാളികൾക്ക് 6 കിലോ അരി വീതം നൽകുന്നതിനുള്ള നടപടികൾ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കുകയും ആയത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.<br><br>കൂടാതെ 2025 മെയ് 18 മുതൽ മെയ് 31 വരെയുള്ള 14 ദിവസം മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന INCOIS, KSDMA, Indian Meteorological Department എന്നീ ഏജൻസികളുടെ കാലാവസ്ഥ മുന്നറിയിപ്പ് കാരണം തൊഴിൽ ദിനങ്ങൾ നഷ്ടപെട്ട 172160 മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് (മറൈൻ കുടുംബങ്ങൾ 132822+അനുബന്ധ കുടുംബങ്ങൾ 39338)ധനസഹായം നൽകുന്നതിനായി 48.2048 കോടി രൂപ CMDRF മുഖേന അനുവദിക്കുവാൻ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച ശിപാർശയിന്മേൽ തുടർനടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ